(ബി) എങ്കിൽ പ്രസ്തുത പാലം നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ കാടപുടി-പുത്തൂർ-പള്ളിക്കൽ റോഡിലെ പാത്തിക്കുഴി പാലം നിർമ്മിക്കുന്നതിന് 250 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുകയുണ്ടായി. ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടാല്ലത്തതിനാൽ നടപ്പുവർഷം പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകുവാൻ നിർവ്വാഹമില്ല.

അരൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

225 (1953) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരാമത്ത് വകുപ്പ് അരൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) തുറവൂർ-തൈക്കാട്ടുശ്ശേരി, നേരേകടവ്-മാക്കേക്കടവ് പാലങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ദേശീയപാതയിലെ അരൂർ മുതൽ തുറവൂർ വരെ ഉപരിതലം പുതുക്കുന്ന പ്രവർത്തി പുരോഗമിച്ചുവരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗവും കെട്ടിടവിഭാഗവും നടത്തിയ പ്രവർത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2010-ലെ എസ്.ഒ.ആർ. പ്രകാരം തുറവൂർ തൈക്കാട്ടുശ്ശേരി പാലത്തിന് ഏകദേശം 40 കോടി രൂപയും നേരെകടവ് മാക്കേക്കടവ് പാലത്തിന് 70 കോടിരൂപയും ചെലവുവരും. ഈ രണ്ട് പാലങ്ങൾക്കും ഭരണാനുമതി നല്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണ്.

തിരൂരങ്ങാടി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

226 (1954) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തിയ തിരൂരങ്ങാടി മണ്ഡലത്തിലെ തേഞ്ഞിപ്പാലം-വള്ളിക്കുന്ന് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാനാപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതുവരെയായി ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly